# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 20

# വാർത്താക്കുറിപ്പ്

# എം.ജി.യിൽ വി.സി. ഹാരിസ് വൈജ്ഞാനിക സദസ് 22ന്

## - ഡോ. എം.ടി. അൻസാരിയും എം.എൻ. കാരശേരിയും പ്രഭാഷണം നടത്തും

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിക്കുന്ന വി.സി. ഹാരിസ് വൈജ്ഞാനിക സദസ് ഒക്ടോബർ 22ന് സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് 'മതേതരാനന്തര കാലത്തെ പ്രവണതകൾ: പ്രതികരണം' എന്ന വിഷയത്തിൽ ഹൈദരാബാദ് സർവകലാശാലയിലെ അധ്യാപകൻ ഡോ. എം.ടി. അൻസാരി പ്രബന്ധം അവതരിപ്പിക്കും. പ്രൊഫ. കെ.എം. സീതി മോഡറേറ്ററാകും. ഡോ. സജി മാത്യു, ഡോ. രേഖ രാജ് എന്നിവർ പങ്കെടുക്കും.

വൈകിട്ട് അഞ്ചിന് പൊതുസമ്മേളനം പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. 'ഗാന്ധി: മൊഴിയും പൊരുളും' എന്ന വിഷയത്തിൽ പ്രൊഫ. എം.എൻ. കാരശേരി മുഖ്യപ്രഭാഷണം നടത്തും. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിക്കും.

(പി.ആർ.ഒ/39/1850/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ